ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:15.06.2024**

## പ്രധാനവാർത്തകൾ

1. ജി - 7 ഉച്ചകോടിയ്ക്കിടെ ലോകനേതാക്കളുമായി നടത്തിയ ചർച്ചയിൽ ആഗോള സമൂഹത്തിന്റെ ക്ഷേമത്തിനായി ഒന്നിച്ച് പ്രവർത്തിക്കാൻ ധാരണയായതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

2. കുവൈറ്റ് അപകടത്തിൽ പരിക്കേറ്റവരുടെ സുരക്ഷ ഉറപ്പാക്കാൻ കുവൈറ്റ് ഭരണകൂടവുമായി നിരന്തരം ആശയവിനിയം നടത്തുന്നുണ്ടെന്ന് വിദേശകാര്യമന്ത്രാലയം.

3. ലോക കേരളസഭയുടെ നാലാം പതിപ്പിന് ഇന്ന് തിരുവനന്തപുരത്ത് സമാപനം ; മുഖ്യമന്ത്രി പിണറായി വിജയൻ ചർച്ചകൾക്ക് മറുപടി നല്കും.

4. ഇന്ന് വയോജന ചൂഷണ വിരുദ്ധ ബോധവൽക്കരണ ദിനം ; മുതിർന്ന പൗരന്മാരുടെ സുരക്ഷയും പരിചരണവും ഉറപ്പാക്കേണ്ടത് സമൂഹത്തിൻറെ ഉത്തരവാദിത്തമാണെന്ന് മന്ത്രി ആർ ബിന്ദു.

5. ഹജ്ജ് തീർത്ഥാടനത്തിന്റെ സുപ്രധാന ചടങ്ങായ അറഫാ സംഗമം ഇന്ന്.

6. ട്വൻറി-20 ലോകകപ്പ് ക്രിക്കറ്റിന്റെ അവസാന ഗ്രൂപ്പ് തല മത്സരത്തിൽ ഇന്ത്യ ഇന്ന് ക്യാനഡയെ നേരിടും.

*****************************************************

RNU TVPM

## പ്രധാനമന്ത്രി

ഇറ്റലിയിൽ നടന്ന ജി-7 ഉച്ചകോടിയിൽ പങ്കെടുത്തശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാവിലെ ന്യൂഡൽഹിയിൽ തിരിച്ചെത്തി. ഭാവി തലമുറയുടെ ഉന്നമനത്തിനായും ആഗോള സമൂഹത്തിൻറെ ക്ഷേമത്തിനായും ഒന്നിച്ച് പ്രവർത്തിക്കാൻ ലോകനേതാക്കളുമായി നടത്തിയ ചർച്ചകളിൽ ധാരണയായതായി പ്രധാനമന്ത്രി സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു. ഉച്ചകോടിയിൽ പങ്കെടുത്ത രാജ്യങ്ങളുമായുള്ള പങ്കാളിത്തം വർദ്ധിപ്പിക്കാൻ കഴിഞ്ഞതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഫ്രാൻസ്, യു കെ, യുക്രെയ്ൻ തുടങ്ങിയ രാജ്യങ്ങളിലെ നേതാക്കളുമായി ഉച്ചകോടിക്കിടെ പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ചകൾ നടത്തി.

PNU TVPM

**************************************************

## കുവൈറ്റ് അപകടം

കുവൈറ്റിൽ ഉണ്ടായ തീപിടുത്തത്തിൽ പരിക്കേറ്റവർക്ക് എല്ലാ സഹായങ്ങളും നല്കുന്നതിനായി കുവൈറ്റ് അധികൃതരുമായി നിരന്തരം ആശയവിനിമയം നടത്തുന്നുണ്ടെന്ന് വിദേശകാര്യ മന്ത്രാലയം. പരിക്കേറ്റവരെ സുരക്ഷിതമായി എത്തിക്കാൻ വേണ്ട നടപടികൾ ഉറപ്പുവരുത്തുമെന്നും അതിനായി കുവൈറ്റ് ഭരണകൂടവുമായി നിരന്തരം ബന്ധപ്പെടുന്നുണ്ടെന്നും മന്ത്രാലയം അറിയിച്ചു. ഫ്ലാറ്റിൽ താമസിച്ചിരുന്ന 176 ഇന്ത്യക്കാരിൽ 45 പേരുടെ മരണമാണ് സ്ഥിരീകരിച്ചത്. ഇവരുടെ ഭൗതികദേഹങ്ങൾ ഇന്നലെ നാട്ടിലെത്തിച്ചു. ഇതിൽ 23 പേർ മലയാളികളാണ്. 33 പേരാണ് ഇനി ചികിത്സയിലുള്ളതെന്നും മന്ത്രാലയം അറിയിച്ചു.

**************************************************

## കുവൈറ്റ് - ആദരാഞ്ജലി

കുവൈറ്റ് തീപിടുത്തത്തിൽ മരണമടഞ്ഞ കണ്ണൂർ കുറുവ സ്വദേശി അനീഷ് കുമാറിന്റെ സംസ്കാര ചടങ്ങുകൾ ഇന്ന് രാവിലെ പയ്യാമ്പലത്ത് നടന്നു. മലപ്പുറം പുലാമന്തോൾ സ്വദേശി ബാഹുലേയൻറെ മൃതദേഹം ഷൊർണ്ണൂർ ശാന്തിതീരത്ത് സംസ്കരിച്ചു. കൂട്ടായി, കോതപ്പറമ്പ് സ്വദേശി നൂഹിനെ ഇന്നലെ കോതപ്പറമ്പ് റാത്തീബ് ജുമാമസ്ജിദ് ഖബറുസ്ഥാനിൽ ഖബറടക്കി. പത്തനംതിട്ട പന്തളം മുടിയൂർക്കോണം സ്വദേശി ആകാശ് എസ്.നായരുടെ സംസ്കാരവും ഇന്ന് ഉച്ചയ്ക്ക് നടക്കും. മൃതദേഹം സ്വവസതിയായ പന്തളം ഐരാണിക്കുഴി ശോഭാലയത്തിൽ എത്തിച്ചു. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ അന്തിമോപചാരം അർപ്പിക്കും.

PNU TVPM

****************************************

## ഉന്നത വിദ്യാഭ്യാസം

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് ഈ വർഷം സെപ്റ്റംബർ 30 വരെ വിദ്യാർഥികൾ അഡ്മിഷൻ റദ്ദാക്കുകയോ പിൻവലിക്കുകയോ ചെയ്താൽ ഫീസ് മുഴുവൻ തിരികെ നൽകണമെന്ന് യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ അറിയിച്ചു. 2024-25 അക്കാദമിക് സെഷനിലെ പുതിയ ഫീസ് റീഫണ്ട് നയത്തിലാണ് യു ജി സി ഇക്കാര്യം പ്രഖ്യാപിച്ചത്. ഫീസ് തിരികെ നൽകാത്തതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നുമുള്ള പരാതികൾ പരിഹരിക്കുകയാണ് ലക്ഷ്യം. കേന്ദ്ര-സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഈ നയം ബാധകമാണ്.

****************************************

## ലോക കേരള സഭ

ലോക കേരള സഭയുടെ നാലാം പതിപ്പിന് ഇന്ന് സമാപനം. പ്രവാസികളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ഇന്ന് പ്രത്യേക ചർച്ച നടക്കും. വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ചർച്ചകൾക്ക് മറുപടി നൽകും. സ്പീക്കർ എ എൻ ഷംസീറാണ് സമാപന പ്രസംഗം നടത്തുന്നത്. കുവൈറ്റ് ദുരന്തത്തിൻറെ പശ്ചാത്തലത്തിൽ ആഘോഷ പരിപാടികൾ ഒഴിവാക്കി ഇന്നലെയാണ് മുഖ്യമന്ത്രി സമ്മേളനം ഉദ്ഘാടനം ചെയ്തത്.

********************************************

## ലോക വയോജന ചൂഷണ വിരുദ്ധ ബോധവത്ക്കരണ ദിനം

മുതിർന്ന പൗരൻമാർ സമൂഹത്തിന്റെ വലിയ സമ്പത്താണെന്നും അവരുടെ സുരക്ഷയും പരിചരണവും ഉറപ്പാക്കുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണെന്നും മന്ത്രി ആർ.ബിന്ദു. മുതിർന്ന പൗരന്മാരോടുള്ള അതിക്രമങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ ദിനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിക്കുകയായിരുന്നു മന്ത്രി. സമൂഹത്തിലെ മുതിർന്ന പൗരന്മാരുടെ പരിരക്ഷ, സാമൂഹ്യ പിന്തുണ സംവിധാനങ്ങൾ, ജീവിതഭദ്രത എന്നിവ ഉറപ്പാക്കാൻ നമ്മൾ ഒരുമിച്ചു യത്നിക്കണം. അധിക്ഷേപവും അവഗണനയും മുതിർന്നവർക്ക് നേരിടേണ്ടിവരുന്ന സാഹചര്യങ്ങളിൽ അവരുടെ അവകാശ സംരക്ഷണം, സുരക്ഷ, നിയമപരിരക്ഷ, ആനുകൂല്യ പദ്ധതികൾ, സർക്കാർ സേവനങ്ങൾ എന്നിവയെപ്പറ്റി സമൂഹത്തിന് അവബോധമുണ്ടാക്കുകയാണ് എത്രയും പ്രധാനമെന്നും മന്ത്രി ആർ ബിന്ദു പറഞ്ഞു.

********************************************

RNU TVPM

## മന്ത്രി വി ശിവൻകുട്ടി

ലോക്കോ റണ്ണിംഗ് ജീവനക്കാർ ഉന്നയിച്ച ആവശ്യങ്ങൾ പരിഹരിച്ച് സമരം ഒത്തു തീർക്കണം എന്നാവശ്യപ്പെട്ട് കേന്ദ്ര റെയിൽവേ മന്ത്രിയ്ക്ക് മന്ത്രി വി ശിവൻകുട്ടി കത്തയച്ചു. പ്രതിവാര വിശ്രമത്തോടൊപ്പം പ്രതിദിന വിശ്രമം നിഷേധിക്കുന്ന നിയമം നടപ്പിലാക്കില്ല എന്ന നിലപാടിനെതിരെ ഈ മാസം 1 മുതൽ ലോക്കോ റണ്ണിംഗ് ജീവനക്കാർ സമരത്തിലാണ്. നിയമപരമായ വിശ്രമം അനുവദിച്ച് റെയിൽവെയുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് റെയിൽവെ മന്ത്രിയുടെ ഇടപെടൽ ഉണ്ടാകണമെന്നും മന്ത്രി കത്തിൽ ചൂണ്ടിക്കാട്ടി.

********************************************

## സുരേഷ് ഗോപി-കെ.റെയിൽ

കെ റെയിൽ കേരളത്തിന് ആവശ്യമില്ല എന്നതാണ് വ്യക്തിപരമായ അഭിപ്രായമെന്ന് കേന്ദ്രസഹമന്ത്രി സുരേഷ്ഗോപി. ഒരു പ്രളയത്തിന്റെ അനുഭവം മുന്നിലുണ്ടാകണം. നിലവിലെ റെയിൽപാതയ്ക്ക് സമാന്തരമായി രണ്ട് ലൈനുകൾ കൂടി നിർമിക്കാൻ കേന്ദ്രം തയ്യാറാണ്. ഇനിയും പാരിസ്ഥിതീക പ്രത്യാഘാതങ്ങളെ വരുത്താതെയിരിക്കുന്നതാണ് നല്ലതെന്നും അദ്ദേഹം തൃശ്ശൂരിൽ മാധ്യമങ്ങളോട് പറഞ്ഞു. മുൻ മുഖ്യമന്ത്രി കെ കരുണാകരന്റെയും പത്നി കല്യാണിക്കുട്ടിയുടെയും സ്മൃതി മണ്ഡപത്തിൽ കേന്ദ്രമന്ത്രി സുരേഷ് ഗോപി പുഷ്പാർച്ചന നടത്തി.

********************************************

## ഭൂചലനം

തൃശ്ശൂർ കൈപ്പറമ്പ്, എരുമപ്പെട്ടി, കുന്നംകുളം മേഖലകളിൽ നേരിയ ഭൂചലനം. രാവിലെ 8.15 ഓടെയാണ് പ്രദേശത്ത് നേരിയ ഭൂചലനം അനുഭവപ്പെട്ടതെന്ന് നാട്ടുകാർ പറഞ്ഞു. ഭൂചലനം സെക്കൻറുകളോളം നീണ്ടുനിന്നു.

RNU TVPM

*******************************************

## പുതിയ പരീക്ഷണ കപ്പൽ... ഇൻട്രോ

ഇടുക്കി അണക്കെട്ടിൻറെ ഭാഗമായ കുളമാവ് ജലാശയത്തിൽ നാവികസേനയുടെ പുതിയ പരീക്ഷണ കപ്പൽ പ്രവർത്തനം തുടങ്ങി. രാജ്യത്തെ ഇത്തരത്തിലുള്ള ആദ്യത്തേതാണിത്. **വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

(വോയ്സ്)

*******************************************

## അറഫാ സംഗമം

ഹജ്ജ് തീർത്ഥാടനത്തിന്റെ രണ്ടാം ദിവസമായ ഇന്ന് ഹജ്ജിന്റെ സുപ്രധാന ചടങ്ങായ അറഫാ സംഗമം നടക്കും. ലോകമെമ്പാടുമുള്ള ലക്ഷകണക്കിന് ഹജ്ജ് തീർത്ഥാടകരാണ് അറഫയിൽ സംഗമിക്കുന്നത്. ഇന്നലെ മിനായിൽ തങ്ങിയ തീർത്ഥാടകർ ഇന്ന് നമീറ പള്ളിയിലെ പ്രാർത്ഥനകൾക്ക് ശേഷം അറഫയിലേക്കു തിരിക്കും. പ്രവാചകനും അനുയായികളും ഹജ്ജ് വേളയിൽ ഒത്തുചേർന്നതിന്റെ ഓർമ്മപുതുക്കലാണ് അറഫാ സംഗമം. അറഫാ സംഗമത്തിന് ശേഷം ഇന്ന് വൈകിട്ട് വിശ്വാസികൾ മുസ് ദലിഫയിലേക്ക് നീങ്ങും. തുടർന്ന് പിശാചിൻറെ സ്തൂപത്തിൽ കല്ലേറിയും.

RNU TVPM

*******************************************

## ട്വന്റി ട്വന്റി ലോകകപ്പ്

ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ, ഇന്ന് നടക്കുന്ന അവസാന ഗ്രൂപ്പ് ഘട്ട മത്സരത്തിൽ ഇന്ത്യ കാനഡയെ നേരിടും. ഫ്ലോറിഡയിലെ സെൻട്രൽ ബ്രോവാർഡ് പാർക്ക് സ്റ്റേഡിയത്തിൽ രാത്രി എട്ടിനാണ് മത്സരം. ഇന്നലെ നടക്കേണ്ട യുഎസ്എ-

അയർലൻഡ് മത്സരം കനത്ത മഴ മൂലം ഉപേക്ഷിച്ചതിനെ തുടർന്ന് യുഎസ്എ സൂപ്പർ 8-ൽ പ്രവേശിച്ചു. മുൻ ചാമ്പ്യൻമാരായ പാകിസ്ഥാനും അയർലൻഡും സൂപ്പർ 8-ൽ നിന്ന് പുറത്തായി.

**************************************

## യൂറോ കപ്പ്

യൂറോ കപ്പ് ഫുട്ബോളിൽ ഇന്ന് രണ്ടു മത്സരങ്ങൾ. ഗ്രൂപ്പ് എ യിൽ ഹംഗറി സ്വിറ്റ്സർലൻഡിനെയും ഗ്രൂപ്പ് ബിയിൽ സ്പെയിൻ ക്രൊയേഷ്യയെയും നേരിടും. ഇന്നലെ നടന്ന ഉദ്ഘാടന മത്സരത്തിൽ ഒന്നിനെതിരെ അഞ്ചു ഗോളിന് ജർമ്മനി സ്കോട്ട്ലൻഡിനെ പരാജയപ്പെടുത്തി. യൂറോ കപ്പ് ചരിത്രത്തിലെ ഏറ്റവും വലിയ ഓപ്പണിംഗ് വിജയമാണിത്. ആകെ 24 രാജ്യങ്ങൾ മത്സരിക്കുന്ന യൂറോ കപ്പിൽ ടീമുകളെ ആറു ഗ്രൂപ്പുകളായാണ് തിരിച്ചിട്ടുള്ളത്.

**************************************

RNU TVPM

## മുല്ലപ്പെരിയാർ

മുല്ലപ്പെരിയാർ അണക്കെട്ടിലെ സുപ്രീം കോടതി മേൽനോട്ട സമിതിയുടെ സന്ദർശനം പൂർത്തിയായി. സുപ്രീം കോടതി ഉത്തരവനുസരിച്ചുള്ള അണക്കെട്ടിലെ സുരക്ഷ പരിശോധന വേഗത്തിൽ പൂർത്തിയാക്കണമെന്ന് കേരളം അവശ്യപ്പെട്ടു. 2011 ലാണ് മുല്ലപ്പെരിയാർ അണക്കെട്ടിൽ അവസാനമായി വിദഗ്ദ പരിശോധന നടത്തിയത്. അഞ്ച് വർഷത്തിനുള്ളിൽ വീണ്ടും സുരക്ഷ പരിശോധന നടത്തണമെന്ന് 2018 ൽ സുപ്രീംകോടതി ഉത്തരവിട്ടിരുന്നെങ്കിലും തമിഴ്നാടിന്റെ എതിർപ്പ് മൂലമാണ് ഇതുവരെ പരിശോധന നടക്കാതിരുന്നത്. മേൽനോട്ട സമിതിയുടെ പരിശോധന റിപ്പോർട്ട് സുപ്രീം കോടതിയിൽ സമർപ്പിക്കും.

********************************************

## ക്രിമിനൽ നിയമം

പുതിയ ക്രിമിനൽ നിയമങ്ങളായ ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധിനിയം എന്നിവ അടുത്ത മാസം ഒന്നു മുതൽ പ്രാബല്യത്തിൽ വരും. പുതിയ ക്രിമിനൽ നിയമങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഏകീകൃതമാക്കുന്നതിന്റെ ഭാഗമായി ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോ എൻസിആർബി 'സംഗലൻ ഓഫ് ക്രിമിനൽ ലോസ്' എന്ന മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കി. ഗൂഗിൾ പ്ലേ സ്റ്റോറിലും ആപ്പിൾ ആപ്പ് സ്റ്റോറിലും ആപ്പ് ലഭ്യമാകും.

********************************************

## ഓച്ചിറ കളി

ചരിത്രപ്രസിദ്ധമായ ഓച്ചിറക്കളി ഇന്നും നാളെയുമായി ഓച്ചിറ പടനിലത്ത് നടക്കും. ഘോഷയാത്രയായി പരബ്രഹ്മഭൂമിയിൽ എത്തുന്ന യോദ്ധാക്കൾ ഉച്ചയ്ക്ക് കരക്കളിയും, അതിനുശേഷം എട്ടുകണ്ടത്തിൽ പോരാട്ടവും നടക്കും. ഇത്തവണ 549 കളി സംഘങ്ങളും 4 കളരിസംഘങ്ങളും ഓച്ചിറക്കളിക്ക് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

******************************************************************************************************************************

******************************************************************************

RNUTVPM